## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 176 — 17-03-2015- ൽ മറുപടിക്ക്

## വിഴിഞ്ഞം തുറമുഖ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് :<br>ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ :<br>ശ്രീ.സി.മമ്മൂട്ടി :<br>ശ്രീ. കെ.എൻ.എ.ഖാദർ : | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതി വൈകുന്നതിൽ സുപ്രീം കോടതി പ്രകടിപ്പിച്ച ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്ക് ലഭ്യമായ പരിസ്ഥിതിക അനുമതിയുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ നിലവിലുള്ള ഹർജിയുടെ വാദത്തിനിടയിൽ വിഴിഞ്ഞം തുറമുഖ പദ്ധതി പോലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിന് കോടതി / ട്രിബ്യൂണൽ വ്യവഹാരങ്ങൾ മൂലം കാലതാമസം നേരിടുന്നത് ആശാസ്യമല്ലെന്ന് കോടതി പരാമർശിക്കുകയുണ്ടായി. |
| (ബി) പദ്ധതി വൈകിപ്പിക്കുന്നതിന് മനഃപൂർവ്വമായ ശ്രമങ്ങൾ ഏതെങ്കിലും ഭാഗത്തു നിന്നും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ; | (ബി) പദ്ധതി വൈകിപ്പിക്കുന്നതിന് മനഃപൂർവ്വമായ ശ്രമങ്ങൾ ഒന്നും തന്നെ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും 2011 ലെ CRZ നിയമത്തെ 2014 ൽ ചോദ്യം ചെയ്തുകൊണ്ട് ഹരിത ട്രിബ്യൂണലിനു മുമ്പാകെ നൽകിയ ഹർജിയും തുടർന്ന് രാജ്യത്തെ എല്ലാ തീരദേശ സംസ്ഥാനങ്ങളേയും ഇതിൽ കക്ഷി ചേർക്കണമെന്നും കാട്ടി നൽകിയ തുടർ ഹർജിയും പദ്ധതി വൈകിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാകാമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. |
| (സി) പ്രസ്തുത തുറമുഖ പദ്ധതിയുടെ കാലതാമസം ഒഴിവാക്കുന്നതിനുള്ള അടിയന്തിര നടപടി കൈക്കൊള്ളുമോ ? | (സി) 2013 ഡിസംബർ മാസം 4-ാം തീയതി പുറപ്പെടുവിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിയുടെ റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) ടെണ്ടറിൽ പങ്കെടുത്ത 5 കമ്പനികളും യോഗ്യത നേടുകയും ഇവയിൽ മൂന്ന് കമ്പനികൾ അടുത്ത ഘട്ടത്തിനായുള്ള (Financial Bid) റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP) വാങ്ങുകയുമുണ്ടായി. എന്നാൽ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സമർപ്പിക്കുവാനുള്ള |

അവസാന തീയതിയായിരുന്ന 2015 ഫെബ്രുവരി മാസം 20 ന് ആരും തന്നെ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ സമർപ്പിക്കാതിരുന്നതിനാൽ ടെണ്ടർ തീയതി 2015 മാർച്ച് 25 ലേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ വാങ്ങിയ കമ്പനികളുമായി നടന്ന പ്രീ-ബിഡ് ചർച്ചയിൽ കബോട്ടാഷ് നിയമത്തിലെ ഇളവ് ഉൾപ്പെടെയുള്ള ആശങ്കകൾ അവർ അറിയിക്കുകയുണ്ടായി. പ്രസ്തുത ആശങ്കകൾ ടെണ്ടർ നിയമ വ്യവസ്ഥകൾക്കുള്ളിൽ നിന്ന് പരിഹരിക്കുന്നതിനും ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിനും നിർമ്മാണം തുടങ്ങുന്നതിനുമായുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നു.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**